Page 1 of 2

(ബി) ഭൂമി ഏറ്റെടുക്കലിനും റോഡ് നിർമ്മാണത്തിനുമായി എത്ര തുക വീതം വകയിരുത്തിയിട്ടുണ്ടെന്നും സ്ഥല ഉടമകൾക്ക് എത്ര തുക നൽകിയിട്ടുണ്ടെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കുമോ?

ഭൂമിയേറ്റെടുക്കലിന് 27.60 കോടി രൂപ ലാൻഡ് അക്വിസിഷൻ ഓഫീസർക്ക് കൈമാറുകയും എല്ലാ ഭൂവുടമകൾക്കും പൂർണ്ണമായി നഷ്ടപരിഹാരം നൽകുകയുമുണ്ടായി. ഇനി ആർക്കുംതന്നെ ബാക്കി തുക നൽകാനില്ല. റോഡ് നിർമ്മിക്കുന്നതിനായി 19.69 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) ബൈപ്പാസ് നിർമ്മാണത്തിന് ഇനി എന്തൊക്കെ നടപടി പൂർത്തിയാക്കാനുണ്ടെന്നും പ്രവൃത്തി എപ്പോൾ ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

Letter of acceptance നൽകിയതിനാൽ നിർമ്മാണ പ്രവൃത്തി 2021 ജൂൺ അവസാനം ആരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

കോതമംഗലം-പെരുമ്പൻകുത്ത് രാജപാതയുടെ പുനർനിർമ്മാണം

32 (781) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം-പെരുമ്പൻകുത്ത് രാജപാതയുടെ (പഴയ മൂന്നാർ റോഡ്) പുനർനിർമ്മാണവുമായി ബന്ധപ്പെട്ട് നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോതമംഗലത്തുനിന്നും പെരുമ്പൻകുത്ത് വരെ 40 കി.മീ. റോഡ് പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്. പൂയംകുട്ടി മുതൽ 10 കി.മീ റോഡ് വനം വകുപ്പ് അടച്ചിരിക്കുന്നതിനാൽ ഗതാഗതയോഗ്യമല്ല. തട്ടേക്കാടുമുതൽ കുട്ടമ്പുഴ വരെയുള്ള ഭാഗം കിഫ്ബിയിൽ ഉൾപ്പെടുത്തി നവീകരിച്ചുവരുന്നു. ആദ്യഭാഗത്ത് ബി.സി. ഓവർലെ ചെയ്യുന്നതിന് വർക്ക് അറേഞ്ച് ചെയ്തിരുന്നുവെങ്കിലും കുടിവെള്ള പൈപ്പുകൾ സ്ഥാപിക്കുന്നതിനാൽ പണികൾ തുടങ്ങാൻ കഴിഞ്ഞില്ല. അതിനാൽ കരാറുകാരനെ ഒഴിവാക്കുന്ന നടപടികൾ നടന്നുവരുന്നു. പൂയംകുട്ടി മുതൽ പെരുമ്പൻകുത്ത് വരെയുള്ള വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങളില്ലാതെ മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവുള്ള റോഡായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിലും പൂയംകുട്ടിയുടെയും ഇടയിൽ മലയിടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്. ടി റോഡിലൂടെ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിക്കണമെന്ന് വനം വകുപ്പിന്റെ കോടനാട്, കോതമംഗലം, മൂന്നാർ ഡിവിഷൻ ഓഫീസുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ മറുപടി ലഭിച്ചാൽ സർവ്വേ നടത്തി, എസ്റ്റിമേറ്റ് എടുത്ത്, ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാനാകും. പെരുമ്പൻകുത്ത് മുതൽ മൂന്നാർ വരെയുള്ള ഇടുക്കി ജില്ലയിലെ ഭാഗം നിലവിൽ പൊതുമരാമത്തു വകുപ്പിന് കീഴിലുള്ളതല്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) സഞ്ചാരയോഗ്യമല്ലാതായി തീർന്ന പ്രസ്തുത റോഡിന്റെ പുനർനിർമ്മാണത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കോതമംഗലത്തുനിന്നും എളപ്പത്തിൽ മൂന്നാറിൽ എത്തിച്ചേരുവാൻ കഴിയുന്നതും ഏകദേശം 20 കി.മീ. ദൂരം കുറവായതുമായ പ്രസ്തുത റോഡ് പുനർ നിർമ്മിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(ബി&സി) പെരുമ്പൻകുത്ത് വരെയുള്ള വനത്തിലൂടെയുള്ള റോഡ് കയറ്റിറക്കങ്ങളില്ലാതെ മൂന്നാറിലേയ്ക്ക് യാത്ര ചെയ്യാനുള്ള ദൂരക്കുറവുള്ള റോഡായിരുന്നു. ബ്രിട്ടീഷുകാരുടെ കാലത്ത് സ്ഥാപിച്ച ഈ രാജപാതയിൽ പെരുമ്പൻകുത്തിലും പൂയംകുട്ടിയുടെയും ഇടയിൽ മലയിടിഞ്ഞതോടെയാണ് വനം വകുപ്പ് റോഡ് അടച്ചത്. ടി റോഡിലൂടെ ഒരു ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ അനുവദിക്കണമെന്ന് വനം വകുപ്പിന്റെ കോടനാട്, കോതമംഗലം, മൂന്നാർ ഡിവിഷൻ ഓഫീസുകളിൽ ആവശ്യപ്പെട്ടിട്ടുണ്ട്. അനുകൂലമായ മറുപടി ലഭിച്ചാൽ സർവ്വേ നടത്തി, എസ്റ്റിമേറ്റ് എടുത്ത്, ഡി.പി.ആർ. തയ്യാറാക്കുന്നതടക്കമുള്ള നടപടികൾ സ്വീകരിക്കാനാകും. പെരുമ്പൻകുത്ത് മുതൽ മൂന്നാർ വരെയുള്ള ഇടുക്കി ജില്ലയിലെ ഭാഗം നിലവിൽ പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ളതല്ല.

കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തി

33 (782) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിലെ മണിയൂർ ഗ്രാമപഞ്ചായത്തിലേയ്ക്കുള്ള ഏറ്റവും പ്രധാനപ്പെട്ട ഗതാഗത മാർഗ്ഗമായ കുട്ടോത്ത് അട്ടക്കുണ്ട് കടവ് റോഡ് പ്രവൃത്തിക്ക് സർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്?

പ്രസ്തുത റോഡിന് 10-7-2019-ലെ സ.ഉ(സാധാ) നമ്പർ 942/2017/പൊ.മ.വ പ്രകാരം 15 കോടി രൂപയ്ക്ക് തത്വത്തിൽ അനുമതിയും 1-12-2020-ലെ കിഫ്ബി ഉത്തരവുപ്രകാരം ലാൻഡ് അക്വിസിഷനുവേണ്ടി 10 കോടി രൂപയുടെ സാമ്പത്തികാനുമതിയും ലഭ്യമായിട്ടുണ്ട്.

(ബി) പ്രസ്തുത തുക അനുവദിച്ചതിനുശേഷം റോഡ് വിപുലീകരണത്തിനായി യാതൊരു പ്രവൃത്തിയും നടക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.